# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.655 08.03.2012 ൽ മറുപടിക്ക്.

<u>സർക്കാർ ഡോക്ടർമാർ കമ്മീഷൻ പറ്റുന്നുവെന്ന ആരോപണം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ. അടൂർ പ്രകാശ്**<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) പല സർക്കാർ ഡോക്ടർമാരും മരുന്നിനും, സ്കാനിങ്ങിനും ഭീമമായ കമ്മീഷൻ ഈടാക്കുന്നുണ്ടെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ്.ജെ.ബി.കോശി യുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുപോലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | ബി) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റായി ജോലി നോക്കിയിരുന്ന ഡോ.ആർ.രാജേന്ദ്രബാബുവിനെതിരെ ഇപ്രകാരം പരാതി ലഭിച്ചിരുന്നു. |
| സി) പ്രസ്തുത കേസുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | സി) ഇതു സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ വടകര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിലേയ്ക്ക് സ്ഥലം മാറ്റുകയും വിശദമായ അന്വേഷണം നടത്തുന്നതിനുവേണ്ട നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

Ayesha Mohan

സെക്ഷൻ ഓഫീസർ